പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7089

11/07/2014-ൽ
മറുപടിയ്ക്ക്

## കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

**ചോദ്യം**

ശ്രീ.പി.സി.വിഷ്ണുനാഥ് :
ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.കെ.മുരളീധരൻ :
ശ്രീ.ജോസഫ് വാഴക്കൻ

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) യും (ബി) യും | കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിയിൽ നാക് അംഗീകാരം ലഭിക്കുന്നതിനായി രണ്ടോ മൂന്നോ കോളേജുകളെ ഓരോ വർഷവും സജ്ജമാക്കി തൊട്ടടുത്ത വർഷത്തിൽ പ്രസ്തുത കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻകൂട്ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു കൂടി പദ്ധതി വിഭാവനം ചെയ്യുന്നു. അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൗകര്യ വികസനത്തിനും 25% തുക മറ്റു പ്രവൃത്തികൾക്കും ഉപയോഗിക്കാവുന്നതാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ; | | |
| (സി) | ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഗവൺമെന്റ് കോളേജ് മൂന്നാർ, ഗവൺമെന്റ് കോളേജ് കോട്ടയം, ഗവൺമെന്റ് കോളേജ് ചിറ്റൂർ, ഗവൺമെന്റ് കോളേജ് തിരൂർ, പി.ടി.എം ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണ, ബി.ജെ.എം ഗവൺമെന്റ് കോളേജ് ചവറ, ഗവൺമെന്റ് കോളേജ് കല്പറ്റ എന്നീ കോളേജുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് കോളേജ് എളേരിത്തട്ട്, ഗവൺമെന്റ് കോളേജ്, മൊകേരി, ഗവൺമെന്റ് കോളേജ് ചാലക്കുടി, ഗവൺമെന്റ് കോളേജ് ആറ്റിങ്ങൽ, ഗവൺമെന്റ് കോളേജ് പേരാമ്പ്ര എന്നീ കോളേജുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്ര മാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ വിലയിരുത്തുന്നത് നാക് റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിച്ച് പശ്ചാത്തല സൌകര്യ വികസനം, അക്കാദമിക് |

| | | | |
|---|---|---|---|
| | | | ഉയർച്ച, നൂതന ലാബ് / ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തികളാണ് ചെയ്തു വരുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതി ഈ സ്കീമിൽ തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ